(ഡി) ഇതിനുള്ള നടപടികൾ ആദ്യഘട്ട പരിശീലനത്തിന്റെ ഭാഗമായി തന്നെ സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് നടക്കുന്ന പരിശീലനങ്ങളിലും പഞ്ചായത്ത്-നഗരപാലികാ നിയമങ്ങളെയും ചട്ടങ്ങളെയും മറ്റ് ഭരണ നിർവ്വഹണ നടപടിക്രമങ്ങളെയും സംബന്ധിച്ച വിവരങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

കൂറുമാറ്റ നിയമം പരിഷ്കരിക്കുന്നതിന് നടപടി

179 (1937) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള കൂറുമാറ്റ നിയമം പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ :

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഭരണഘടനയുടെ 10-ാം പട്ടികയ്ക്ക് അനുസൃതമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കൂറുമാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുമോ :

(ഡി) നിലവിലുള്ള കൂറുമാറ്റനിയമം അനുസരിച്ച് ഹർജികൾ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഇ) ഉണ്ടെങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി&ഇ) ഉണ്ട്. കൂറുമാറ്റത്തിന്റെ പേരിൽ സമർപ്പിക്കുന്ന ഹർജികൾ തീർപ്പ് കല്പിക്കുന്നതിനുള്ള സമയപരിധി അറുപത് ദിവസം എന്നത് ഇപ്പോൾ ബന്ധപ്പെട്ട ചട്ടം ഭേദഗതി ചെയ്ത് 120 ദിവസമായി ഉയർത്തിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്ത ജോലിക്ക് കൂലി ലഭിക്കാത്ത സംഭവം

180 (1938) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ കോഴിക്കോട് ജില്ലയിൽ ചെയ്ത ജോലിക്ക് തൊഴിലാളികൾക്കും ജീവനക്കാർക്കും കൂലി ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭിക്കാത്തത് കാരണമാണോ ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ലഭ്യമായിരുന്ന ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിരുന്നു. കേന്ദ്രത്തിൽ നിന്നും രണ്ടാം ഗഡുവായി ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ട അവസരത്തിൽ വേതന വിതരണത്തിൽ താമസം സംഭവിച്ചിട്ടുണ്ട്.

നഗരസഭകളിലെ പദ്ധതി പ്രവർത്തനം

ജ: (2939) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരസഭകളിൽ ഈ വർഷം ഇരുപത്തിയഞ്ച് ശതമാനം പദ്ധതി പ്രവർത്തനം മാത്രമേ ഇതുവരെ നടന്നിട്ടുള്ളൂ എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പദ്ധതി നിർവ്വഹണത്തിൽ നഗരസഭകൾ പിന്നോക്കം പോകാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഏത് നഗരസഭയിലാണ് ഏറ്റവും കുറവ് പദ്ധതിച്ചെലവ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമത കൈവരിക്കാത്ത നഗരസഭകളുടെ ഗ്രാന്റുകൾ തടയാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) നഗരസഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ അതുകൊണ്ടുണ്ടായ നേട്ടം എന്താണെന്ന് വെളിപ്പെടുത്തുമോ ?

(എഫ്) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ സംസ്ഥാനത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതികൾക്ക് ഡിപിസി അംഗീകാരം ലഭിക്കുവാൻ വൈകിയതും ഇലക്ഷൻ പ്രഖ്യാപിച്ചതുമൂലവും ആണ്. നഗരസഭകളുടെ പദ്ധതി നിർവ്വഹണം പിന്നോക്കം പോകാൻ കാരണമായതെന്ന് കാണുന്നു.

(സി) പൊന്നാനി നഗരസഭയിലാണ് ഏറ്റവും കുറവ് പദ്ധതി ചെലവ് വന്നിട്ടുള്ളത്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) നഗരസഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം സർക്കാർ തലത്തിലും വകുപ്പ് തലത്തിലും അവലോകനം ചെയ്യാറുണ്ട്. യഥാസമയം നിശ്ചിത രീതിയിൽ വരവ് ചെലവ് കണക്ക് തയ്യാറാക്കുന്നതിന് ഡബിൾ എൻട്രി സിസ്റ്റം സഹായകമാണെന്ന് കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly